**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 609** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഇ-സെൻസിടിക്-ന് എ.ഐ. ക്യാമറ പദ്ധതിയുടെ ഉപകരാർ നസ്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സേഫ് കേരള പദ്ധതിയുടെ ഭാഗമായി എ.ഐ. ക്യാമറകൾ സ്ഥാപിക്കാനുള്ള പ്രവൃത്തിയുടെ ടെൻഡർ നേടിയ എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികളും ഉപകരാറായി നൽകിയ കാര്യം കെൽട്രോണിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (എ) | **എസ്.ആർ.ഐ.ടി. എല്ലാ പ്രവൃത്തികൾക്കും ഉപകരാർ നൽകിയിട്ടില്ല. നൽകിയ ഉപകരാറുകൾ കെൽട്രോണിനെ അറിയിച്ചിട്ടുണ്ട്. സേഫ് കേരള പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള വ്യത്യസ്ത കൺട്രോൾ റൂമുകളുടെ നിർമ്മാണം, അതിനു വേണ്ടിവരുന്ന ഉപകരണങ്ങളുടെ സപ്ലൈ, കെൽട്രോൺ നിർമ്മിക്കുന്ന വിവിധതരത്തിലുള്ള ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റങ്ങളുടെ ഫീൽഡ് ഇൻസ്റ്റാലേഷൻ, അതിനു വേണ്ടുന്ന ഇലക്ട്രോണിക് മൊഡ്യൂളുകൾ കെൽട്രോണിന് സപ്ലൈ ചെയ്യുക എന്നീ പ്രവൃത്തികൾക്ക് എസ്. ആർ. ഐ.ടി. ഉപകരാർ നൽകുകയും അതിന്റെ മേൽനോട്ടം വഹിക്കുകയും ചെയ്തിരുന്നു.** |
| (ബി) | ഇ-സെൻസിടിക് എന്ന സ്ഥാപനത്തിന് എ.ഐ. ക്യാമറ പദ്ധതിയുടെ മൊത്തം പ്രവൃത്തിയുടെ ഉപകരാർ നൽകി എന്ന വിവരം എസ്.ആർ.ഐ.ടി. കെൽട്രോണിനെ അറിയിച്ചിട്ടുണ്ടോ; | (ബി) | ഇ സെൻസിടിക് എന്ന സ്ഥാപനത്തിന് സേഫ് കേരളാ പ്രോജക്ടിന്റെ ഭാഗമായി ഏതൊക്കെ പ്രവർത്തികൾക്കാണ് ഉപകരാർ നൽകിയിട്ടുള്ളത് എന്ന വിവരം **എസ്.ആർ.ഐ.ടി. കെൽട്രോണിനെ അറിയിച്ചിട്ടുണ്ട്.** |
| (സി) | ഉപകരാർ സംബന്ധിച്ച കാര്യങ്ങൾ ടെൻഡറിന് മുൻപ് തന്നെ വെളിപ്പെടുത്തുകയും കെൽട്രോണിന്റെ അംഗീകാരം നേടുകയും വേണം എന്നിരിക്കെ ഉപകരാർ നൽകിയ ശേഷം മാത്രം കെൽട്രോണിനെ അറിയിച്ച നടപടി ടെൻഡർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ടെൻഡർ വ്യവസ്ഥകളുടെ ലംഘനമായി കാണുന്നില്ല. ടെൻഡറിൽ പ്രതിപാദിച്ചിരിക്കുന്ന മിനിമം എലിജിബിലിറ്റി മാനദണ്ഡങ്ങൾ പാലിക്കുന്ന കമ്പനികൾക്കാണ് ടെക്നിക്കൽ ഇവാല്യുവേഷൻ കമ്മിറ്റി യോഗ്യത നൽകിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ